**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആന്തൂർ നഗരസഭയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.453/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 17.02.2017

പരാമർശം - 1) തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23.12.2016-ലെ 150/16-17 നമ്പർ തീരുമാനം

2) ആന്തൂർ നഗരസഭ ചെയർപേഴ്സന്റെ 31.12.2016 ലെ ജി1-205/16 നമ്പർ കത്ത്

3) ഗ്രാമവികസന കമ്മീഷണറുടെ 19/01/2017 ലെ 4488/എച്ച് & റ്റി2/16/ സി.ആർ.ഡി നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിൽപ്പെട്ട തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള ധർമ്മശാല കമ്മ്യൂണിറ്റി ഗാർഡനിലെ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ സ്ഥലത്ത് ആന്തൂർ നഗരസഭയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഗ്രാമവികസന കമ്മീഷണറുടെ അനുമതിയോടെ വിട്ടു നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതുപ്രകാരം ആന്തൂർ നഗരസഭ ചെയർപേഴ്സൺ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം ഇതിനുള്ള ശുപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ധർമ്മശാല കമ്മ്യൂണിറ്റി ഗാർഡനിലെ റീ.സർവ്വെ നം. 310/4 ൽപ്പെട്ട 95 ആർ സ്ഥലത്ത് ആന്തൂർ നഗരസഭയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടു നൽകുന്നതിന് അനുവാദ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കണ്ണൂർ

ചെയർപേഴ്സൺ, ആന്തൂർ നഗരസഭ

സെക്രട്ടറി, ആന്തൂർ നഗരസഭ

സെക്രട്ടറി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ